17
ജൂൺ 2023
ശനി
Pages- 5

# ക്രിസ്ത്യൻലൈവ് ദിനപത്രം

Vol 2. Issue 135
On the Battlefield for the Great Commission
504



# മണിപ്പൂർ കലാപം: കൊല്ലപ്പെട്ടവരിൽ 60 ക്രിസ്ത്യാനികൾ

## മണിപ്പൂരിന്റെ കണ്ണീർ

- കത്തിയമർന്ന പള്ളികൾ 400
- പരിക്കേറ്റ ആളുകൾ 200
- വീടുകൾ തകർന്നത് 1700
- പലായനം ചെയ്തവർ 50000

വാർത്ത തുടർന്ന് വായിക്കുവാൻ
പേജ് 04 കാണുക



# നൈജീരിയയിൽ മെയ് മാസത്തിൽ കൊല്ലപ്പെട്ടത് 700 ക്രൈസ്തവർ

Editorial

ക്രിസ്ത്യൻ ലൈവ് ദിനപത്രം

2023 വെള്ളി 17 വ്യാഴം



# ഭാരതം മറക്കുന്ന മൂല്യങ്ങൾ...

"പലതുകൊണ്ടും കീറിമുറിക്കപ്പെടുന്ന ഇന്ത്യയുടെ ഭാഗമായി ജീവിക്കേണ്ടി വരുന്ന ദുരാവസ്ഥ വർത്തമാന കാല പൗരന്മാരുടെ ഗതികേടായി മാറുമ്പോൾ മൂല്യങ്ങൾ നഷ്ടപ്പെട്ട് ഭരണഘടനാ സ്വാതന്ത്ര്യങ്ങൾ പോലും ഹനിക്കപ്പെട്ട് ആരുടെയൊക്കെയോ ചൊൽപ്പടിയിൽ നിൽക്കേണ്ട അവസ്ഥ ഏറെ വേദനാ ജനകം തന്നെ...

**ലോ**കത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഭാരതം ചരിത്രത്തിൽ ഇടം നേടിയിരുന്നത് ജനാധിപത്യ മൂല്യങ്ങളുടെ സംരക്ഷകരെന്നും, ബഹുസ്വരതയുടെയും ഭരണഘടനാ സംവിധാനങ്ങളുടെയും സുതാര്യതയും നാനാത്വത്തിൽ ഏകത്വമെന്ന മഹത്തായ ആശയം ഉയർത്തിപ്പിടിച്ച് മതമൗലികതയും സഹവർത്തിത്വവും പരസ്പര ബഹുമാനവും ഒപ്പം സഹിഷ്ണുതയോടുമുള്ള ജീവിതചര്യ നയിച്ചു വന്ന ജനതയെന്ന പേരിലായിരുന്നു. ദീർഘകാലം സ്വാതന്ത്ര്യമെന്ന ജന്മാവകാശം പോലും തീറെഴുതി വാങ്ങിയ വൈദേശികരോട് അഹിംസ എന്ന സമരായുധം കയ്യിൽ ഏന്തി നിരായുധരായി സമരം ചെയ്തു സ്വാതന്ത്ര്യം നേടിയവർ ലോകത്തിന്റെ മുമ്പിൽ ഉയർത്തിപ്പിടിച്ച് മാനുഷിക മൂല്യങ്ങളും രീതികളും ഭാരതത്തിനുണ്ടായിരുന്നു.എന്നാൽ പോയ നൂറ്റാണ്ടിന്റെ ഓട്ടപ്രദക്ഷിണത്തിൽ ഭാരതമുയർത്തിപ്പിടിച്ച് പല മൂല്യങ്ങളും സനാതന ധർമ്മങ്ങളും ജീവിത കാഴ്ചപ്പാടുകളും അപ്പാടെ മാറിപ്പോയി. എന്തിനേറെ ഭാരതത്തിന്റെ ഐക്യതയ്ക്കും അഖണ്ഡതയ്ക്കും അടിസ്ഥാനമിട്ട ഭരണഘടനയുടെ സ്വാതന്ത്ര്യങ്ങൾ പോലും നേരാംവണ്ണം അനുഭവിക്കാൻ കഴിയാത്ത ഒരു ജനത അധിവസിക്കുന്ന രാജ്യമായി ഭാരതം മാറി. വർത്തമാനകാല ഭാരതത്തിന്റെ നേർക്കാഴ്ചകൾ അഭിമാനത്തിനു പകരം അപമാനത്തിന്റെ കിരീടം ചാർത്തപ്പെടുന്ന സംഭവങ്ങളുടെ അരങ്ങേറ്റ ഭൂമിയായി ഭാരതം മാറിക്കഴിഞ്ഞു.

സമാധാനത്തോടെ ഭരണഘടനയുടെ സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും അനുഭവിച്ച ശാന്തമായി ജീവിച്ചുവന്ന ജനത മതത്തിന്റെയും ആരാധനയുടെയും പരസ്പരം അങ്കം കുറിയ്ക്കുകയും എന്തിനേറെ ഭരണഘടന നൽകുന്ന ആരാധനാ സ്വാതന്ത്ര്യം പോലും ഹനിക്കുന്ന ഹീനകൃത്യങ്ങൾ ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ അരങ്ങേറുന്നു എന്നുള്ളത് ഏറെ ദുഃഖകരമായ കാര്യമാണ്. മതതീവ്രവാദം എന്നും, മതമാറ്റം എന്നൊക്കെ ആരോപിച്ച് സ്വാതന്ത്ര്യത്തോടെ ആരാധിച്ചു വരുന്നവർക്ക് നേരെ അതിഭീകരമായ ആക്രമങ്ങൾ അഴിച്ചുവിടുകയും ആരാധനാലയങ്ങൾ നശിപ്പിക്കുകയും ചെയ്യുന്ന കാഴ്ച ഭാരതത്തിൽ നിത്യസംഭവവുമായി മാറി കഴിഞ്ഞു. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ അധികാരത്തിലൂടെ താക്കോൽ സ്ഥാനങ്ങളിൽ സ്ഥാനമുറപ്പിച്ചവരുടെ ഒത്താശയോടെ നടന്നുവരുന്ന കലാപം ഭാരതത്തിൽ ഒറ്റപ്പെട്ട സംഭവങ്ങളായി മാറിക്കഴിഞ്ഞു. മെയ് 3ന് മണിപ്പൂരിൽ ഗോത്ര വർഗ്ഗങ്ങൾ തമ്മിലുണ്ടായ കലാപം ഇന്നും നിലയ്ക്കാതെ ആളിപ്പറഞ്ഞു കൊണ്ടിരിക്കുന്നു. നിരവധി ആളുകൾ അവരുടെ പാർപ്പിടസൗകര്യങ്ങളും മറ്റു ജീവിതസൗകര്യങ്ങളും ഉപേക്ഷിച്ച് നാടുവിടുകയും അവശേഷിക്കുന്നവർ ഭവനരഹിതരായി തീരുകയും കലാഭ ഭൂമിയിൽ വെന്ത് വെണ്ണീറായ നൂറുകണക്കാളുകളുടെ ഓർമ്മകളും പേറി അനേകർ ജീവിക്കുന്നു. എല്ലാദിവസവും ക്രമാതീതമായി മരണസംഖ്യ ഉയർന്നുകൊണ്ടിരിക്കുമ്പോൾ അഗ്നിക്കരയാക്കിയ ദേവാലയങ്ങളും അനുബന്ധ സ്ഥാപനങ്ങളും നീതിന്യായ വ്യവസ്ഥിതിയുടെ കരുണയില്ലാത്ത കാഴ്ചകളായി മാറുന്നു. ഭരണപക്ഷത്തിന്റെയും അനുകൂല സംഘടനകളുടെയും സായുധസേനകളുടെയും ഒത്താശയോടുകൂടി ഈ കലാപം അരങ്ങേറുന്നു എന്ന് ആക്ഷേപം ഉയരുന്നു. ഏതായാലും ഭാരതത്തിന്റെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അശാന്തിയുടെ വിളനിലമായി മാറിക്കഴിഞ്ഞു. ഇത് മറ്റു ഇതര സംസ്ഥാനങ്ങളിൽ പറന്നു പിടിക്കാൻ അധിക കാലം വേണ്ടിവരില്ല. മതത്തിന്റെയോ ആരാധനയുടെയോ വിദ്യാഭ്യാസത്തിന്റെയോ സംസ്കാരത്തിന്റെയോ ആചാരങ്ങളുടെയോ എന്തിന്റെ പേരിലായാലും മനുഷ്യന്റെ ആവാസനിവാസ വ്യവസ്ഥിതികളെ ചോദ്യം ചെയ്യപ്പെടുകയും സമാധാന അന്തരീക്ഷത്തോടുകൂടി ജീവിച്ചുവന്ന് സാഹചര്യങ്ങളെ തകിടംമറിക്കുകയും ചെയ്യുന്നത് നീതിക്കു നിരക്കാവുന്നതല്ല. മണിപ്പൂർ അടക്കമുള്ള സംസ്ഥാനങ്ങളിൽ അസ്വസ്ഥതകൾ കെട്ടടങ്ങണമെങ്കിൽ ഇനിയും സമയം പിടിക്കും.

ഭാരതത്തിന്റെ മൂല്യങ്ങളിൽ ആധാര ശിലയായി പരിഗണിക്കപ്പെടുന്ന വിദ്യാഭ്യാസ മേഖലയിലെ പാഠ്യേതര വിഷയങ്ങളിൽ നിന്നും മൂല്യാധിഷ്ഠിതമായ പല കാര്യങ്ങളും ഒഴിവാക്കപ്പെടുകയും, ഭാരതത്തിന് ചരിത്രത്തിൽ നിർണായകമായ സ്ഥാനം വഹിച്ചിട്ടുള്ള പല സംഭവങ്ങളെയും ഒഴിവാക്കപ്പെടുകയും പണ്ട് തമസ്കരിച്ചിരുന്ന പലതിനെയും സ്മരിച്ചും ഒപ്പം വിശുദ്ധീകരിച്ച് പുകഴ്ത്തപ്പെടുകയും നാളെയുടെ വാഗ്ദാനമാകുന്ന വിദ്യാഭ്യാസ തലമുറകളെ പഠിപ്പിക്കുവാൻ വേണ്ടി നൽകുന്നവ വർത്തമാനകാല ഭാരതത്തിന്റെ കാഴ്ചകൾ പിഴച്ചു പോയ തീരുമാനങ്ങളുടെ പരാവർത്തനം ആകുന്നു. ഗാന്ധിജിയും നെഹ്റുവും അടക്കമുള്ള സ്വാതന്ത്ര്യസമര സേനാനികളുടെ ചരിത്രം തമസ്ക്കരിച്ച് ഗോഡ്സെ അടക്കം ചരിത്രം പ്രതിസ്ഥാനത്ത് നിർത്തിയിരുന്ന പലരെയും വിശുദ്ധിയുടെ മേലങ്കി അണിയിച്ച് ചരിത്രത്തിന്റെ ഭാഗമാകുന്നു എന്നത് നമ്മുടെ രാജ്യം നേരിടുന്ന സാംസ്കാരിക ദുരന്തമാണെന്ന് നമ്മൾക്ക് വിശ്വമിച്ചുകൂടാ. പോയ കാലനൂറ്റാണ്ടിന്റെ ചരിത്രപാടുകളിൽ പ്രോജ്വലമായ നിലനിന്ന പല സംസ്കൃതികളും ഇന്ന് അധികാരത്തിന്റെ ഹുങ്കാരങ്ങൾ ഒരുക്കിയ സ്മശാന ഭൂമിയിൽ അടക്കം ചെയ്യുന്ന കാഴ്ച ഏറെ വേദനാജനകമാകുന്നു. പാഠപുസ്തകങ്ങളിൽ നിന്നോ അദ്ധ്യായങ്ങളിൽ നിന്നും മാത്രമല്ല ചരിത്രം സാക്ഷിച്ച പലരും, പലതും മൺമറയുകയും സംസ്കാരത്തിന്റെ ഭാഗമായി ഇന്ത്യയുടെ യശസ്സ് ഉയർത്തിപ്പിടിച്ച പലതും നാളെകളിൽ ഓർമ്മകളായി മാറുന്നു എന്ന് ഓർക്കുമ്പോൾ ഇന്ത്യയുടെ മണ്ണിൽ അധികാരികളുടെ അന്യായങ്ങൾ മാത്രം കൊണ്ട് കെട്ടിപ്പടുക്കുന്ന ഭാരതത്തിൽ ജീവിക്കേണ്ടിവരുന്ന ദുരനുഭവം നമ്മളിൽ ആശങ്കകൾ ഉളവാക്കുന്നു.

പലതുകൊണ്ടും കീറിമുറിക്കപ്പെടുന്ന ഇന്ത്യയുടെ ഭാഗമായി ജീവിക്കേണ്ടി വരുന്ന ദുരാവസ്ഥ വർത്തമാനകാല പൗരന്മാരുടെ ഗതികേടായി മാറുമ്പോൾ മൂല്യങ്ങൾ നഷ്ടപ്പെട്ട് ഭരണഘടനാ സ്വാതന്ത്ര്യങ്ങൾ പോലും ഹനിക്കപ്പെട്ട് ആരുടെയൊക്കെയോ ചൊൽപ്പടിയിൽ നിൽക്കേണ്ട അവസ്ഥ ഏറെ വേദനാ ജനകം തന്നെ. വൈദേശാധിപത്യത്തിൽ നിന്നും സഹനം എന്ന സമരായുധത്തിലൂടെ നേടിയ സ്വാതന്ത്ര്യം ഇന്ന് ഭാരതീയരായ ആയുധമേന്തിയ മതതീവ്രവാദികളുടെയും അധികാരമുള്ളവരുടെ ആജ്ഞാനിവർത്തികളുടെയും കയ്യിൽ എത്തിപ്പെട്ടത് കണ്ടുകൊണ്ട് ജീവിക്കേണ്ടി വരിക ഓരോ ഭാരതീയന്റെയും നിസാഹായവസ്ഥയുടെ പുതുച്ചിത്രം കൂടിയാണ്. മൂല്യങ്ങളിലേക്കുള്ള മടങ്ങിവരവാണ് ഭാരതത്തിന്റെ പഴയ പ്രതാപം വീണ്ടെടുക്കാനുള്ള ഏകമാർഗ്ഗം.



ഷാജൻ പാറക്കടവിൽ

## നിത്യതയിൽ



ഇടയ്ക്കാട്: ഇടയ്ക്കാട് ശാലേം എ ജി സഭാംഗമായ പോരുവഴി ചാത്താകുളം ഹെബ്രോൻ വില്ലയിൽ വൈ. ശാമുവേൽ (78) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രുഷ ഇന്ന് (ശനിയാഴ്ച) ഉച്ചയ്ക്ക് 2 ന് ഇടയ്ക്കാട് ശാലേം എ.ജി.സഭയുടെ ചാത്താകുളത്തുള്ള സെമിത്തേരിയിൽ. മക്കൾ : കുഞ്ഞുമോൻ, ജോയി, ഷാജി, മിനി, ലാലി, സാംകുട്ടി മരുമക്കൾ: ഗ്രേസി കുഞ്ഞുമോൻ (വയല), ഗ്രേസി ജോയി ( മാഞ്ഞാലി), റെജി ( തോട്ടംമുക്ക് തെങ്ങമം ), സാബു (കൂടൽ ), സൂസമ്മ സാം (നടുത്തേരി).

## പാസ്റ്റർ: സജി മാത്യു നിലമ്പൂരിന്റെ പിതാവ് നിത്യതയിൽ



പാലക്കാട്: തോമസ് മാത്യു (89) റാന്നി ചേത്തക്കൽ കണ്ണംപ്ലാവിൽ തടത്തിൽ കുടുംബാംഗമാണ്, 60 വർഷം മുൻപ് പാലക്കാട് കാഞ്ഞിരപുഴ എന്ന ഗ്രാമത്തിൽ കുടിയേറി ഭാര്യ കുമ്പനാട് വാത്തിതറയിൽ കുടുംബാംഗമായ പരേതയായ ഏലിയാമ്മ തോമസ്.സംസ്കാര ശുശ്രൂഷകൾ ഇന്ന് ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യ കാഞ്ഞിരപ്പുഴ ചർച്ചിന്റെ നേതൃത്വത്തിൽ നടന്നു.മക്കൾ: ജോളി മാത്യു, സൂസി മാത്യു, സാലി മാത്യു, സാം മാത്യു, സണ്ണി മാത്യു, പാസ്റ്റർ:സജി മാത്യു, സാബു മാത്യു. മരുമക്കൾ: പാസ്റ്റർ പി.എസ് ജോയി, സുവിശേഷകൻ പി.പി പ്രസന്നൻ, വത്സമ്മ, ഷൈല, സൗമിനി, ജാൻസി.


## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

**Remarriage**

**Remarriage,Born Again Syrian Christian Boy,31 yr/172 cm,BE.Mech, Pathanamthitta 9946847617**

**വധുവിനെ ആവശ്യമുണ്ട്**

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

# യു.പി.എഫ് ഈസ്റ്റേൺ റീജിയൻ യു.എ.ഇക്ക് പുതിയ നേതൃത്വനിര



ഫുജൈറ: യുണൈറ്റഡ് പെന്ത ക്കോസ്തൽ ഫെലോഷിപ്പ് ഓഫ് ഈസ്റ്റേൺ റീജിയൺ യു.എ.ഇ യു ടെ 2023 2024 വർഷത്തേക്കുള്ള പു തിയ ഭാരവാഹികളെ തെരെഞ്ഞെടു ത്തു. ജൂൺ 12 നു ഗീഹോൻ ഐ പി സി ഫുജൈറ സഭാശുശ്രൂഷക നായ പാസ്റ്റർ എം വി സൈമണി ന്റെ ഭവനത്തിൽ കൂടിയ സമ്മേളന ത്തിലായിരുന്നു തിരഞ്ഞെടുപ്പ്.

രക്ഷാധികാരിയായി പാ. ജയിംസ് ഈപ്പനും (ഫുജൈറ ചർച്ച് ഓഫ് ഗോഡ്) പ്രസിഡണ്ടായിപാ. എം വി സൈമണും (ഗീഹോൻ ഐ പി സി ഫുജൈറ) വൈസ് പ്രസിഡണ്ടായി പാ. ജെ.എം. ഫിലിപ്പും (ഫുൾ ഗോ സ്പൽ പ്രെയ്സ് & പ്രയർ ഫെലോ ഷിപ്പ് ഫുജൈറ) സെക്രട്ടറിയായി പാ. ബിജു വർഗ്ഗീസും (ഫുജൈറ അസംബ്ലീസ് ഓഫ് ഗോഡ്) ജോ യിന്റ് സെക്രട്ടറിയായി പാ. ടി.കെ അലക്സാണ്ടറും (ഷാജി,ഫുജൈറ അ സംബ്ലി ചർച്ച് ) ട്രഷററായി ബ്ര. ലാ ലു പോളും (ഫുജൈറ ചർച്ച് ഓഫ് ഗോഡ്) ബ്ര. മാത്യു ശാമുവേൽ (ഫു ജൈറ എ.ജി) , ബ്ര. അജി ജോയി (ഗീ ഹോൻ ഐ പി സി) , ബ്ര. ലിൻസൺ ജോസഫ് (എൻലൈറ്റൻ കോർഫ ക്കാൻ), ബ്ര. സുജു മത്തായി (ഫുജൈ റ എ.ജി), ബ്ര. സജിൻ ജോയി (ചർച്ച് ഓഫ് ഗോഡ് ദിബ്ബ) , ബ്ര. വിൽസൺ തോമസ് (ഫുജൈറ ചർച്ച് ഓഫ് ഗോ ഡ്) തുടങ്ങിയവർ എക്സിക്യൂട്ടീവ് അംഗങ്ങളായും ചുമ തലയേറ്റു.

യു .എ .ഇ യിലെ കിഴക്കൻ തീരമേഖ ലയിൽപെട്ട ഫുജൈറ, കൽബ്ബ, ദിബ്ബ, മസാഫി, ഖോർഫക്കാൻ, ദൈദ് എ ന്നിവിടങ്ങളിലെ പെന്തക്കോസ്ത് സ ഭകളുടെ ഈ ഐക്യവേദി ഫുജൈറ ആസ്ഥാനമാക്കിയാണ് ഇപ്പോൾ പ്രവർ ത്തിക്കുന്നത്.

# നയാഗ്ര പ്രയർ സെന്റർ സന്ദേശ സൈക്കിൾ റാലി

നയാഗ്ര:കാനഡയിലെ ചരിത്ര പ്രസിദ്ധമായ നയാഗ്ര പട്ടത്തിൽ നയാഗ്ര പ്ര യർ സെന്ററിന്റെ ആഭിമുഖ്യത്തിൽ സുവിശേഷ സന്ദേശ സൈക്കിൾ റാലി നടത്തപ്പെടുന്നു. Know Jesus Know Peace എന്ന സന്ദേശം നൂറുക്കണക്കിന് ആളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ തുടക്കം കുറിക്കുന്ന സ ന്ദേശ റാലി ട്രൂറിസ്റ്റ് കേന്ദ്രമായ Niagara On The Lake ൽ നടത്തപ്പെടു ന്നു.ജൂൺ 24 5pm ന് ആരംഭിക്കുന്ന സന്ദേശ റാലിയിൽ നിരവധി യുവതി യുവാക്കൾ പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ ബിനു ജേക്കബ് ഫ്ളാഗ് ഓഫ് ചെയ്യുന്ന റാലി പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടി കടന്ന് പോകും. ബ്രദർ ബീജോയിരാജു കുട്ടി, ബ്രദർ ജെറീം ജോർജ്ജ് എന്നിവർ വിവിധ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു.

## എം.ജി യൂണിവേഴ്സിറ്റിയിൽ നിന്നും എം.സി.എയിൽ നാലാം റാങ്ക് നേടി ദിയ എൽസ തോമസ്



കോട്ടയം : എം.ജി യൂണിവേഴ്സിറ്റിയുടെ എം.സി.എ പരീക്ഷയിൽ തിരുവല്ല ഐപിസി പ്രയർ സെന്റർ സഭാംഗം ദിയ എൽസ തോമ സിന് നാലാം റാങ്ക്. തിരുവല്ല മുതുതോട്ടത്തിൽ തോമസ് വർഗീസ് സുനു തോമസ് ദമ്പതികളു ടെ മൂത്തമകളാണ്. മൂന്ന് വർഷം മുൻപ് എംജി യൂണിവേഴ്സിറ്റിയുടെ ബി.എസ്. സി കമ്പ്യൂ ട്ടർ സയൻസിൽ ദിയയ്ക്ക് ആറാം റാങ്ക് ലഭിച്ചി രുന്നു.


## ബിപോർജോയ് ചുഴലിക്കാറ്റ് തീവ്ര ന്യൂനമർദമായി മാറി ;

# വിവിധ സംസ്ഥാനങ്ങളിൽ കനത്ത മഴ മുന്നറിയിപ്പ്



ഗുജറാത്തിന്റെ തീരപ്രദേശങ്ങളിൽ വീശിയടിച്ച ബിപോർജോയ് ചുഴലിക്കാറ്റ് തീവ്ര ന്യൂനമർദമായി ദുർബലമായി. അടുത്ത 12 മണിക്കൂറിനുള്ളിൽ ന്യൂന മർദമായി മാറുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. രാജ്യത്തി ന്റെ വിവിധ സംസ്ഥാനങ്ങളിൽ കനത്ത മഴ ഉണ്ടാകുമെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. രാജസ്ഥാനിലെ തെക്ക് പടിഞ്ഞാറൻ ജില്ലക ളിൽ കനത്ത മഴ തുടരുകയാണ്. ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ഉത്തർ പ്രദേശിന്റെയും മധ്യപ്രദേശിന്റെയും ചില ഭാഗങ്ങളിൽ ഞായറാഴ്ച മുതൽ മഴ പെയ്യുമെന്ന് കാലാവസ്ഥാ നിരീക്ഷകർ അറിയിച്ചു. ഡൽഹി, മഹാരാ ഷ്ട്ര, ഗോവ, മധ്യപ്രദേശ്, ഗുജറാത്ത്, കേരളം, എന്നീ സംസ്ഥാനങ്ങളിൽ അ ടുത്ത മൂന്ന് ദിവസം ഒറ്റപ്പെട്ട കനത്ത മഴയുണ്ടാകും. വരും മണിക്കൂറിൽ കേ രളത്തിലെ എല്ലാ ജില്ലകളിലും നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കേരളകർണാടക തീരത്തും ലക്ഷദ്വീപി ലും മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദേശമുണ്ട്.

## കുട്ടികളുടെ ഹാജരും പഠനപുരോഗതിയും അറിയാൻ പുതിയ ആപ്പ്; മന്ത്രി പ്രകാശനം ചെയ്തു



കൊച്ചി :കുട്ടികളുടെ ഹാജർ നില, പഠനപുരോഗതി, പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയവ രേഖപ്പെടുത്താനും രക്ഷിതാക്കളും സ്കൂളും തമ്മിലുള്ള വിനിമ യം സുഗമമാക്കാനും കൈറ്റ് തയ്യാറാക്കിയ ‘സമ്പൂർണ്ണ പ്ലസ് മൊബൈൽ ആപ് ’ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.
കുട്ടികളെ സംബന്ധിക്കുന്ന വിവരം സംസ്ഥാന സർക്കാരിൻറെ സ്റ്റേറ്റ് ഡേറ്റാ സെൻററിൽ നിലനിർത്തി ഡേറ്റയുടെ സ്വകാര്യതയും സുരക്ഷിതത്വവും ഉറ പ്പുവരുത്തിക്കൊണ്ടാണ് ഈ മൊബൈൽ ആപ് കൈറ്റ് വികസിപ്പിച്ചിട്ടുള്ളത്. അധ്യാപകർക്കും രക്ഷകർത്താക്കൾക്കും പ്രത്യേകം ലോഗിൻ സൗകര്യവും സന്പൂർണ്ണ പ്ലസിൽ ഉണ്ടാകും.

# പ്ലസ് വൺ ഇംപ്രൂവ്മെന്റ് പ്ലസ് ടു പരീക്ഷയ്ക്കൊപ്പം

തിരുവനന്തപുരം: പ്ലസ് വൺ ഇംപ്രൂവ്മെന്റ് പ രീക്ഷ പ്ലസ് ടു പരീക്ഷയ്ക്കൊപ്പം മാർച്ചിൽ ന ടത്താനുള്ള പൊതു വിദ്യാഭ്യാസ വകുപ്പിന്റെ തീരുമാനത്തിനെതിരെ പ്രതിഷേധം. നിലവിൽ പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ സെപ്റ്റംബ റിലാണു നടത്തുന്നത്. എന്നാൽ ഈ പരീക്ഷ യ്ക്കും മൂല്യനിർണയത്തിനുമായി 15 അധ്യയ ന ദിവസം നഷ്ടമാകുന്നുവെന്നു ചൂണ്ടിക്കാട്ടി യാണ് വാർഷിക പരീക്ഷയ്ക്കൊപ്പം ഇംപ്രൂവ് മെന്റ് പരീക്ഷയും നടത്താൻ തീരുമാനിച്ചത്. കഴിഞ്ഞ മാസം നടന്ന അധ്യാപക സംഘടനാ യോഗത്തിലെ ധാരണ അനുസരിച്ചാണിത്. എന്നാൽ രണ്ടു വർഷത്തെ പരീക്ഷകൾ ഒരുമിച്ചെഴുതേണ്ടി വരുന്നത് കുട്ടികളുടെ സമ്മർദം ഏറ്റുമെന്നും ഇ തു ഫലത്തെ പ്രതികൂലമായി ബാധിക്കുമെന്നും കുട്ടികളും രക്ഷിതാക്കളും ചൂണ്ടിക്കാട്ടുന്നു.

തീരുമാനം ഈ വർഷം നടപ്പാക്കുന്നതിനെതിരെ പ്രതിപക്ഷ അധ്യാപക സംഘടനകളും രംഗത്തു വന്നിട്ടുണ്ട്. ഇത്തവണ പ്ലസ് വൺ വിജയ ശതമാ നം താരതമ്യേന കുറവാണ്. പ്ലസ് വൺ മാർക്ക് കൂടി അന്തിമ ഫലത്തിൽ പരിഗണിക്കുമെന്നതി നാൽ പരമാവധി കുട്ടികൾ ഇംപ്രൂവ്മെന്റ് പരീ ക്ഷയ്ക്ക് അപേക്ഷിക്കും.
പ്ലസ്ടുവിനൊപ്പം ഇതുകൂടി എഴുതേണ്ടി വരു ന്നത് പഠനത്തെയും തുടർപഠന സാധ്യതയെ യും ബാധിക്കും. അതിനാൽ തീരുമാനം അടു ത്ത വർഷം മുതലേ നടപ്പാക്കാവൂവെന്ന് ആ വശ്യപ്പെട്ട് പ്രതിപക്ഷ അധ്യാപക സംഘടനാ കൂട്ടായ്മയായ ഫെഡറേഷൻ ഓഫ് ഹയർ സെ ക്കൻഡറി ടീച്ചേഴ്സ് വിദ്യാഭ്യാസ മന്ത്രിക്കും വ കുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും പൊതു വി ദ്യാഭ്യാസ ഡയറക്ടർക്കും നിവേദനം നൽകി.

# മണിപ്പൂർ കലാപം: കൊല്ലപ്പെട്ടവരിൽ 60 ക്രിസ്ത്യാനികൾ

**മണിപ്പൂരിന്റെ കണ്ണീർ**

- കത്തിയമർന്ന പള്ളികൾ 400
- പരിക്കേറ്റ ആളുകൾ 200
- വീടുകൾ തകർന്നത് 1700
- പലായനം ചെയ്തവർ 50000

ഇംഫാൽ: കലാപത്തെ തുടർന്നു മണിപ്പൂരിൽ അറുപതോളം ക്രൈസ്തവർ കൊല്ലപ്പെട്ടെന്ന് റിപ്പോർട്ട്. സംസ്ഥാനത്ത് നാനൂറോളം ക്രൈസ്തവ ദേവാലയങ്ങൾ അഗ്നിക്കിരയായെന്നും മണിപ്പൂരി പ്രാദേശിക വൃത്തങ്ങളെ ഉദ്ധരിച്ച് മാധ്യമനാണ് റിപ്പോർട്ട് ചെയ്യുന്നു. മെയ് 3ന് ആരംഭിച്ച കലാപത്തിൽ ഇംഫാൽ താഴ്വരയും, ചുരാചന്ദ്പൂറും ഒറ്റപ്പെട്ടിരിക്കുകയാണ്. ഗോത്രവർഗ്ഗക്കാരായ 64 ക്രൈസ്തവർ ഉൾപ്പെടെ 73 പേർ ഇതുവരെ കൊല്ലപ്പെടുകയും, ഇരുനൂറോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ടെന്നാണ് പുറത്തുവരുന്ന വിവരങ്ങൾ സൂചിപ്പിക്കുന്നത്. 1700 വീടുകൾക്കാണ് കേടുപാടുകൾ സംഭവിച്ചിരിക്കുന്നത്. 35,000 ക്രൈസ്തവർ ഉൾപ്പെടെ ഏതാണ്ട് 50,000ത്തോളം ആളുകളാണ് പ്രാണരക്ഷാർത്ഥം സ്വന്തം വീടുപേക്ഷിച്ച് പലായനം ചെയ്തിരിക്കുന്നത്. ഏതാണ്ട് 397 ദേവാലയങ്ങളും, 6 ക്രിസ്ത്യൻ സ്ഥാപനങ്ങളും, അഗ്നിക്കിരയാവുകയോ തകർക്കപ്പെടുകയോ ചെയ്തു.

അക്രമം തടയുന്നതിൽ പ്രാദേശിക പോലീസ് വീഴ്ചവരുത്തിയെന്ന് ഇംഫാൽ രൂപതയുടെ വികാർ ജനറലായ ഫാ. വർഗീസ് വേലിക്കകം ആരോപിച്ചിരിന്നു. പോലീസ് അക്രമം നോക്കിനിൽക്കുകയോ, അക്രമത്തിൽ പങ്കുചേരുകയോ ചെയ്യുന്നതിന്റെ വീഡിയോകൾ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഭൂരിപക്ഷമായ മെയ്തികൾക്ക് പട്ടികവർഗ്ഗപദവി നൽകുന്ന മണിപ്പൂർ ഹൈക്കോടതിയുടെ സമീപകാല ഉത്തരവാണ് കലാപത്തിനു പിന്നിലെ പ്രധാനം കാരണം. ഗോത്രവർഗ്ഗക്കാർ ഇതിനെതിരെ ഉയർത്തിയ പ്രതിഷേധം എതിർ വിഭാഗം വർഗ്ഗീയ ആയുധമാക്കി കലാപത്തിലേക്ക് നയിക്കുകയായിരിന്നു.

കലാപത്തിനിടയിൽ മണിപ്പൂർ പോലീസ് ട്രെയിനിംഗ് കൊളേജിൽ നിന്നും, രണ്ട് പ്രാദേശിക പോലീസ് സ്റ്റേഷനുകളിൽ നിന്നും, ഐ.ആർ.ബി ബറ്റാലിയൻ ക്യാമ്പിൽ നിന്നുമായി 1,000ത്തോളം തോക്കുകളും, 10,000 റൗണ്ട് വെടിയുണ്ടകളും മെയ്തെയ് വിഭാഗക്കാർ മോഷ്ടിച്ചതായി ഇന്ത്യൻ എക്സ്പ്രസ്സ് നേരത്തേ റിപ്പോർട്ട് ചെയ്തിരുന്നു. ഇത് പോലീസ് ഒത്താശയോടെയായിരിന്നുവെന്നും ഇതിന് പിന്നാലെ ക്രൈസ്തവർക്കു നേരെ അതിക്രൂരമായി ആക്രമണം ഉണ്ടായെന്നും റിപ്പോർട്ട് പുറത്തു വന്നു. ഇതിനിടെ കലാപത്തിനിടയിൽ കൊള്ളയടിക്കപ്പെട്ട 488 ആയുധങ്ങളും, 6,800 റൗണ്ട് വെടിയുണ്ടകളും വീണ്ടെടുത്തുവെന്ന് മണിപ്പൂർ സർക്കാരിന്റെ സുരക്ഷാ ഉപദേഷ്ടാവായ കുൽദീപ് സിംഗ് പറഞ്ഞതായി ഉക്റുൽ ടൈംസിന്റെ റിപ്പോർട്ടിൽ പറയുന്നു. ഇതിനുപുറമേ, 22 പൗണ്ട് (10 കിലോ) സ്ഫോടക വസ്തുക്കളും ആസാം റൈഫിൾസും കണ്ടെടുത്തിട്ടുണ്ട്.

## കാനഡ സ്പിരിച്വൽ ഗ്രൂപ്പ് ക്യാമ്പ് ഇൻപാക്റ്റ് 2023 ഓഷവയിൽ

കാനഡയിലെ പെന്തകോസ്ത് യുവജന കൂട്ടായ്മയായ കാനഡ സ്പിരിറ്റ്യൽ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപെടുന്ന വാർഷിക ക്യാമ്പ് ഇമ്പാക്ട് 2023 ജൂലൈ മാസം 28 മുതൽ 30 വരെ ടൊറന്റൊയിലെ ഒഷാവയിൽ നടക്കും. ക്യാമ്പിൽ പാസ്റ്റർ.ബാബു ചെറിയാൻ, പാസ്റ്റർ പ്രിൻസ് തോമസ് റാന്നി തുടങ്ങിയ ദൈവദാസന്മാർ ദൈവവചനം പ്രസംഗിക്കും. ക്രൈസ്തവ ലോകത്തിലെ പ്രമുഖ ഗായകരായ ബ്രദർ. ഇമ്മനുവൽ കെ ബി, ബ്രദർ.ഇമ്മാനുവൽ ഗൊള്ളൂർ തുടങ്ങിയവർ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകും. തീമ്മ്ഡി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്തിലുള്ള ' ടിം കിഡ്സ്' വി.ബി.സ് സെഷനുകൾ 4 വയസ്സ് മുതൽ 12 വയസ്സ് വരെയുള്ള കുട്ടികൾക്കായ് നടത്തപ്പെടും.

ക്യാമ്പിലേക്കുള്ള രെജിസ്ട്രേഷൻ ആരംഭിച്ചതായി സംഘാടകർ അറിയിച്ചു. ക്യാമ്പിലേക് വരുന്നവർക്ക് പ്രത്യേക വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഗെയിംസ് സെഷൻസ്, ടാലെന്റ് നൈറ്റ്, കൗൺസിലിംഗ് സെഷൻസ്, കരിയർ ഗൈഡൻസ് സെഷൻസ് തുടങ്ങി അനേകം വ്യത്യസ്ത പ്രോഗ്രാമുകൾ ഈ ക്യാമ്പിന്റെ പ്രത്യേകതയാണ്. ഞായറാഴ്ച കാനഡ സ്പിരിചൽ ഗ്രൂപ്പിലെ കൂട്ടായ്മകളുടെ സംയുകത ആരാധനയോടെ ക്യാമ്പിന് സമാപനം കുറിക്കും.

## ഐ. പി. സി. സൺഡേസ്ക്കൂൾ അർദ്ധവാർഷിക പരീക്ഷ നാളെ : കേന്ദ്രീകൃത മൂല്യനിർണ്ണയം ജൂൺ 24ന്

കുമ്പനാട്: ഇന്ത്യ പെന്തക്കോസ്തു ദൈവസഭ സൺഡേസ്കൂൾ അർദ്ധവാർഷിക പരീക്ഷ നാളെ (ജൂൺ 18 ഞായർ) രാവിലെ 8 മുതൽ 9 വരെ മേഖലയിലെ വിവിധ പ്രദേശിക പരീക്ഷ കേന്ദ്രങ്ങളിൽ നടക്കും. നേരത്തെ സ്ഥിതിവിവരങ്ങൾ നൽകിയിട്ടുള്ള സൺഡേസ്കൂളുകൾക്കായി ചോദ്യക്കടലാസ് പായ്ക്കറ്റുകൾ സെന്റർ ഭാരവാഹികൾ വിതരണം ചെയ്തു.

ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം മേഖല കേന്ദ്രീകരിച്ച് ജൂൺ 24 ശനിയാഴ്ച്ച 9 മണി മുതൽ തിരുവല്ല മഞ്ഞാടി ഐപിസി പ്രെയർ സെന്റർ ഹാളിൽ നടക്കുമെന്ന് പ്രസിഡന്റ് ജോജി ഐപ്പ് മാത്യൂസ്, സെക്രട്ടറി പി.പി.ജോൺ, പരീക്ഷ വിഭാഗം കൺവീനർ സുനിൽ പുപ്പള്ളിൽ എന്നിവർ അറിയിച്ചു. ഫോൺ: 9446392303, 9747029209.

## ഡോ. വിനോദ് കെ ജോസഫ് കേരളാ യൂണിവേഴ്സിറ്റി സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു

തിരുവനന്തപുരം : ഇമ്മാനുവേൽ അസംബ്ലി സഭാംഗവും, ഇതേ സഭയുടെ ശുശ്രൂഷകന്റെ മകനുമായ തിരുവനന്തപുരം അമ്പൂരി സ്വദേശിയും വഴുതക്കാട് ഗവൺമെന്റ് വനിതാ കോളേജ് ചരിത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും, ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷൻെറ സംസ്ഥാന വൈസ് പ്രസിഡന്റുമായ ഡോ. വിനോദ് കെ ജോസഫ് കേരളാ യൂണിവേഴ്സിറ്റി സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.



## സുവിശേഷികയെ തെരുവിൽ ആക്രമിച്ചു



ഛത്തീസ്ഗഡ്: പ്രേഷിതപ്രവർത്തനം ചെയ്തതിന്റെ പേരിൽ സ്ത്രീകൾ സുവിശേഷികയെ നടുറോഡിൽ മർദ്ദിച്ചു. ദുർഗ്ഭിലായിലെ മോഹൻ നഗർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഊരാല ഗ്രാമത്തിലാണ് സംഭവം.

ഒരു ഭവനത്തിൽ നടന്ന പ്രാർത്ഥനയിൽ പങ്കെടുത്ത രണ്ട് സ്ത്രീകളോട് ക്രിസ്തുമതത്തിലേക്ക് മാറാൻ ഇവർ ആവശ്യപ്പെട്ടുവെന്ന് ആരോപിച്ചായിരുന്നു മർദ്ദനം. ഒരു പ്രകോപനവുമില്ലാതെ ഗ്രാമീണരായ സ്ത്രീകൾ സുവിശേഷകർക്കു നേരെ ആക്രമണം അഴിച്ചു വിടുകയായിരുന്നു. ഊരാല ബസ്തിയിലെ താമസക്കാരിയായ ചിത്രലേഖ സാഹുന്റെ വീട്ടിൽ ആയിരുന്നു പ്രാർത്ഥന.

പ്രദേശത്തെ പ്രാർത്ഥനാ യോഗത്തിന്റെ മറവിൽ ആളുകളെ മതം മാറ്റുന്നത് പതിവാണെന്ന് ഗ്രാമീണർ ആരോപിക്കുന്നു. കൈക്കൂലിയും തെറ്റായ വിവരങ്ങളും നൽകി യോഗത്തിൽ പങ്കെടുത്തവരെ സ്വാധീനിച്ച് ക്രിസ്തുമതം പ്രചരിപ്പിക്കുന്നുവെന്നാണ് ആരോപണം. പോലീസ് സ്ഥലത്തെത്തി ഇരുവിഭാഗത്തെയും സ്റ്റേഷനിലേക്ക് കൊണ്ടുപോയെങ്കിലും പരാതി നൽകേണ്ടതില്ലെന്ന് സമ്മതിച്ച് ഇരുവിഭാഗവും പോലീസിന് രേഖാമൂലം മൊഴി നൽകി.

## അപ്കോൺ പ്രാർത്ഥനാ ദിനം ഇന്ന് വൈകിട്ട്

അബുദാബി: അബുദാബി പെന്തക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ (അപ്കോൺ) നേതൃത്വത്തിൽ 2023 ജൂൺ 17 ശനിയാഴ്ച (ഇന്ന് ) വൈകിട്ട് 8 മണി മുതൽ 10 മണി വരെ അബുദാബിയിൽ വച്ച് പ്രാർത്ഥന മീറ്റിംഗ് നടക്കും. പ്രസ്തുത മീറ്റിംഗിൽ അപ്കോൺ കൊയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും അനുഗ്രഹീത കർതൃദാസന്മാർ ദൈവവചനത്തിൽ നിന്നും ശുശ്രൂഷിക്കും. മീറ്റിങ്ങിന് അപ്കോൺ പ്രയർ കോഡിനേറ്റേഴ്സ് നേതൃത്വം നൽകും.

## നൈജീരിയയിൽ മെയ് മാസത്തിൽ കൊല്ലപ്പെട്ടത് 700 ക്രൈസ്തവർ

അബൂജ : ക്രൈസ്തവർക്കെതിരായ പീഡനത്തിന്റെ പേരിൽ നൈജീരിയയിൽ കടുത്ത ഇസ്ലാമിക വാദിയായ മുൻ പ്രസിഡന്റ് മുഹമ്മദ് ബുഹാരിക്കുള്ള 'യാത്രയയപ്പ് സമ്മാന'മെന്ന നിലയിൽ മെയ് മാസത്തിൽ 700 ക്രിസ്ത്യാനികളെ ഇസ്ലാമിക ഗോത്രവർഗ്ഗമായ ഫുലാനികൾ കൊലപ്പെടുത്തിയെന്ന ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുമായി റിപ്പോർട്ട് പുറത്ത്. മെയ് 29നാണ് ബുഹാരി, പുതിയ പ്രസിഡന്റായ ബോല ടിനുബുവിന് അധികാരം കൈമാറിയത്. 2015 മുതൽ 2023 വരെയുള്ള ഭരണകാലയളവിൽ ക്രിസ്ത്യൻ വിരുദ്ധ മുസ്ലീം അനുകൂല അജണ്ട വളർത്തിയെടുക്കുവാൻ ശ്രമിച്ചുവെന്ന പേരിൽ കുപ്രസിദ്ധിയാർജ്ജിച്ച വ്യക്തിയാണ് ബുഹാരിയെന്നു 'ഇന്റർനാഷ്ണൽ സൊസൈറ്റി ഫോർ സിവിൽ ലിബർട്ടീസ് ആൻഡ് റൂൾ ഓഫ് ലോ' പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു. മെയ് മാസത്തിൽ നിസ്സഹായരായ 700 ക്രിസ്ത്യാനികളെയാണ് ഫുലാനികൾ കൊലപ്പെടുത്തിയത് . പ്ലേറ്റോയിൽ 350, ബെന്യൂവിൽ 190, കടുണയിൽ 100, നാസർവായിൽ 62, നൈജറിൽ 50, താരാബായിൽ 40, ബോർണോ/യോബെ 40 എന്നിങ്ങനെയാണ് സംസ്ഥാന അടിസ്ഥാനത്തിൽ കൊല്ലപ്പെട്ട ക്രൈസ്തവരുടെ എണ്ണം.

2023 ഏപ്രിൽ 12നും, ജൂൺ 12നും ഇടയിലുള്ള 60 ദിവസങ്ങൾക്കുള്ളിൽ സർക്കാർ പിന്തുണയുള്ള ഇസ്ലാമിക തീവ്രവാദികൾ ആയിരത്തിയൊരുനൂറോളം നിസ്സഹായരായ ക്രൈസ്തവരെയാണ് കൊലപ്പെടുത്തിയിരിക്കുന്നതെന്നും പ്രതിദിനം ശരാശരി 17 ക്രിസ്ത്യാനികൾ നൈജീരിയയിൽ കൊല്ലപ്പെടുന്നുണ്ടെന്നും റിപ്പോർട്ടിൽ പരാമർശമുണ്ട്. 2023 ജനുവരി 1നും, ജൂൺ 12നുമിടയിലുള്ള 160 ദിവസങ്ങൾക്കുള്ളിൽ 2150 ക്രിസ്ത്യാനികളാണ് കൊല്ലപ്പെട്ടത്. തട്ടിക്കൊണ്ടുപോകപ്പെട്ട 1400 പേരിൽ പത്ത് ശതമാനവും കൊല്ലപ്പെടുകയാണ് ഉണ്ടായത്. കഴിഞ്ഞ 60 ദിവസങ്ങൾക്കുള്ളിൽ 100 ദേവാലയങ്ങൾ അഗ്നിക്കിരയാവുകയോ, തകർക്കപ്പെടുകയോ ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

CNL7 MEDIA
Vol 2. Issue. 133
# CHRISTIANLIVE DAILY
17 Friday
Pages 5
504

